**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.ഇ.എസ്3-1777/2024/ആ.വ.ഡ തീയതി: 06-08-2024

# നോട്ടീസ്

വിഷയം : ശ്രീമതി.സുസ്മിത.ടി.ആർ-നെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോരിറ്റി പട്ടികയിൽ താത്ക്കാലികമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള നോട്ടീസ്.

സൂചന :

1. ഉത്തരവ് നം.ഇ.എസ്3-6621/2022/ആ.വ.ഡ,തീയതി:27/06/2023
2. 20/10/2023 തീയതിയിൽ OA(EKM) 1707/2023-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച അന്തിമവിധി.
3. G.O(Rt)No.876/2024/H&FWD , Dated:22/03/2024
4. കത്ത് നം.DMOH-EKM/1275/2024-A5, തീയതി : 11/05/2024
5. ഉത്തരവ് നം.ഇ6/87697/2016/ആ.വ.ഡ,തീയതി. 27/12/2018
6. ഉത്തരവ് നം.ഇ6/87697/2016/ആ.വ.ഡ,തീയതി. 03/03/2018

കാഞ്ഞൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരിയായ ശ്രീമതി.സുസ്മിത.ടി.ആർ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണിച്ചും ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയായ 03/03/2018 പ്രാബല്യത്തിൽ തന്നെയും മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A[EKM] 1707/2023 ഫയൽ ചെയ്തിരുന്നു.

പ്രസ്തുത O.A-യിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 20/10/2023 തീയതിയിൽ സൂചന 2 പ്രകാരം പുറപ്പെടുവിച്ച വിധിയിൽ ബന്ധപ്പെട്ട കക്ഷിയെ ഉൾപ്പെടുത്തി ഹിയറിംഗ് നടത്തിയതിനുശേഷം ഉചിതമായ നടപടി സ്വീകരിയ്ക്കാനും നിർദേശിച്ചിരുന്നു.ഉടർന്ന് 17/02/2024-ന് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുന്നതിനാവശ്യമായ അനുബന്ധ രേഖകളൊന്നും ടിയാരി സമർപ്പിച്ചിട്ടില്ലായിരുന്നുവെന്ന് ബോധ്യപ്പെടുകയും ചെയ്തു.ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികയിൽ ഉൾപേപെടുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുന്നപക്ഷം തുടർനടപടികൾ കൈക്കൊള്ളാൻ സൂചന 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.ആയത് പ്രകാരം ടിയാരി സൂചന 4 പ്രകാരം അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിരുന്നു.ടി അപേക്ഷ പരിശോധിച്ചതിന്റേയും സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട സെക്ഷനിൽ നിന്നും റിമാർക്ക്സ് ലഭ്യമായതിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി.സുസ്മിത.ടി.ആർ-ന് സൂചന 5

പ്രകാരം നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം നൽകിയിരുന്നുവെന്നും എന്നാൽ ടിയാരിയുടെ ജൂനിയേഴ്സിന് സ്ഥാനക്കയറ്റം നൽകിയ സൂചന 6 പ്രകാരമുള്ള ഉത്തരവിലെ **03/03/2018** മുതൽ ടിയാരിയും സ്ഥാനക്കയറ്റത്തിന് അർഹയാണെന്നും മനസ്സിലാക്കുന്നു.ആയതിൻപ്രകാരം 03/03/2018 പ്രാബല്യത്തീയതി പരിഗണിച്ച് ടിയാരിയ്ക്ക് സൂചന 1-ലെ സീനിയോരിറ്റി പട്ടികയിൽ **1253 A** സ്ഥാനം താത്ക്കാലികമായി അനുവദിച്ച് നൽകി നോട്ടീസ് പുറപ്പെടുവിയ്ക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | PEN | Date of birth | Promotion order | Date assigned for seniority | Rank No.in nursing officer seniority list (2003-2010) | Rank No.in nursing officer gr 1 seniority list as on 31/12/2022 | Remarks |
|---|---|---|---|---|---|---|---|
| LALU SAJAN | 383150 | 02/09/1982 | EE6-87697/16/DHS,DTD: 03/03/2018 | 03/03/2018 | 2886 | 1253 | |
| **SUSMITHA T.R** | **366945** | **21/05/1980** | **EE6/87697/2016/DHS,DTD. 27/12/2018** | **03/03/2018** | **2895A** | **1253 A** | |
| SHAHIDA.C.A | 376350 | 21/05/1984 | EE6-87697/16/DHS,DTD: 03/03/2018 | 03/03/2018 | 2896 A | 1254 | |

ടിയാൾക്ക് മേൽ സൂചിപ്പിച്ച വിധത്തിൽ സീനിയോരിറ്റി അംഗീകരിച്ചു നൽകുന്നതിൽ ആക്ഷേപമുള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് **7** ദിവസത്തിനകം മേലധികാരി മുഖേന രേഖാമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ ടിയാളെ മേൽ സൂചിപ്പിക്കും വിധം സൂചന 1-ലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയ നടപടി സ്ഥിരീകരിച്ച് ഉത്തരവ് നൽകുന്നതാണ്.

Signed by
Jayasree V
Date: 06-08-2024 13:05:58

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

ബന്ധപ്പെട്ട വ്യക്തികൾക്ക്(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

**പകർപ്പ്**

1. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. ഫയൽ/കരുതൽ ഫയൽ